"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.13/2020/മ.തു.വ** തിരുവനന്തപുരം, 07/01/2020

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 3/01/2020ലെ എൻ.1/34653/19 നമ്പർ കത്ത്

**ഉത്തരവ്**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 5 0 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് "പുനർഗേഹം" എന്ന പദ്ധതിയുടെ താഴെ കൊടുത്തിരിക്കുന്ന വിശദ മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. പദ്ധതിയ്ക്കായി 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷ കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 8487 കുടുംബങ്ങളെയും രണ്ടും, മൂന്നും ഘട്ടങ്ങളിൽ 5099 പേരെ വീതവും പുനരധിവസിപ്പിക്കുന്നതാണ്. പുനരധിവാസത്തിനായി വ്യക്തിഗത വീട് നിർമ്മാണം, ഫ്ളാറ്റ് സമുച്ചയ നിർമ്മാണം എന്നീ രീതികൾ അനുവർത്തിക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

**പുനർഗേഹം പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

## I. ഗുണഭോക്താക്കൾ

1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ (HTL) നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളും

2. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന

3. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളിലെ ഗുണഭോക്താക്കളിൽ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും ഒരേ വീട്ടിൽ വെവ്വേറെ റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിക്കും. എന്നാൽ ഭൂമിയുടെയും വീടിന്റെയും ഉടമയ്ക്കായിരിക്കും ആദ്യ പരിഗണന.

4. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും, അവർ വ്യത്യസ്ത കുടുംബങ്ങളായി സ്വന്തമായി വീടില്ലാത്തതു കൊണ്ടുമാത്രം, മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ

താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം നൽകാവുന്നതാണ്.

## II. ഗുണഭോക്തൃ തെരഞ്ഞെടുപ്പും പദ്ധതി നടത്തിപ്പും

1. അപേക്ഷകന് തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ സ്വന്തമായി വീട് ഉണ്ടായിരിക്കണം. സ്ഥലത്തിന്റെയും വീടിന്റെയും ഉടമസ്ഥാവകാശം ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.

2. ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

3. ഫിഷറീസ് വകുപ്പ് 2018-19-ൽ സർവ്വേ നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളിൽ 50 മീറ്ററിനുള്ളിൽ നിന്നും മാറിത്താമസിക്കാമെന്ന് സമ്മതം അറിയിച്ചിട്ടുള്ളവരെ ഒന്നാം ഘട്ടത്തിലും ബാക്കിയുള്ളവരെ രണ്ടും മൂന്നും ഘട്ടങ്ങളിലുമായി പരിഗണിക്കുന്നതാണ്.

4. നിലവിൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും എന്നാൽ 2018-19-ൽ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്തവരും ഉണ്ടെങ്കിൽ അതാത് ഡെപ്യൂട്ടി ഡയറക്ടറുടെ വ്യക്തവും വിശദവുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ (DLAC) അംഗീകാരത്തിന് വിധേയമായി ബന്ധപ്പെട്ട ജില്ലയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കാവുന്നതാണ്.

5. ഫിഷറീസ് 2018-19-ൽ സർവ്വേ നടത്തി 50 മീറ്ററിനുള്ളിലെന്ന് കണ്ടെത്തിയ ഗുണഭോക്തൃ പട്ടിക ജില്ലാ മത്സ്യഭവനിലും, അതാത് മത്സ്യഭവനുകളിലും, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ്. ടി പട്ടിക സംബന്ധിച്ച് പരാതികൾ ഏഴ് ദിവസത്തിനകം മത്സ്യഭവൻ ഓഫീസർക്ക് സമർപ്പിക്കുകയും ഇവ പരിശോധിച്ച് ആവശ്യമെങ്കിൽ ജില്ലാ ഫിഷറീസ് ഓഫീസർ കേൾക്കുകയും അർഹരായ ഗുണഭോക്താക്കളുടെ കരട് പട്ടിക തയ്യാറാക്കേണ്ടതുമാണ്. ഇപ്രകാരം തയ്യാറാക്കുന്ന കരട് പട്ടിക DLAC മുമ്പാകെ സമർപ്പിക്കേണ്ടതും DLAC അംഗീകരിച്ച ശേഷം അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധികരിക്കേണ്ടതുമാണ്.

   **DLAC യുടെ ഘടന- ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ ഘടന**

   i. ജില്ലാ കളക്ടർ - ചെയർമാൻ
   ii. ഡെപ്യൂട്ടി കളക്ടർ - ലാന്റ് അക്വിസിഷൻ
   iii. ഫിഷറീസ് ജോയിന്റ് ഡയറക്ടർ - സോണൽ
   iv. ജില്ലാ മാനേജർ - മത്സ്യഫെഡ്
   v. ജില്ലാ കോ-ഓർഡിനേറ്റർ - ലൈഫ് മിഷൻ
   vi. ജില്ലാ ഫിഷറീസ് ഓഫീസർ - കൺവീനർ

6. മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളി പെൻഷണർ എന്നിവർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ് ബുക്ക്/ ആധാർ കാർഡ്/റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. SC/ST ഗുണഭോക്താക്കൾ ബന്ധപ്പെട്ട സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. ഇതര വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾ ആധാർകാർഡ് / റേഷൻകാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

9. അപേക്ഷകനോ/പങ്കാളിയ്ക്കോ 50 മീറ്ററിനുള്ളിൽ അല്ലാതെ ഭൂമിയില്ലെന്ന് നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

10. അപേക്ഷകൻ സ്വന്തമായി ഭൂമി കണ്ടെത്തുന്ന പക്ഷം കോർപ്പറേഷൻ/മുൻസിപാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റും ഭൂമി കണ്ടെത്തേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന ഭൂമി CRZ-ൽ ഉൾപ്പെടുന്നതാണെങ്കിൽ കെട്ടിട നിർമ്മാണത്തിന് അനുവദനീയമായ സ്ഥലത്തായിരിക്കണം.

11. അപേക്ഷകൻ സർക്കാരിന്റെ മറ്റിതര പുനരധിവാസ പദ്ധതികളിൽ നിന്നും ഭൂമിയും വീടും ലഭിച്ചവരായിരിക്കരുത്.

12. സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് ഭൂമി വാങ്ങാനും, ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. സ്ഥലത്തിന്റെ വില, രജിസ്ട്രേഷൻ ഫീ, സ്റ്റാംപ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവയുൾപ്പെടെ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്. എന്നിരുന്നാലും സ്ഥലം വാങ്ങലിനും, സ്റ്റാംപ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എഴുത്തുകൂലി എന്നിവക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

13. ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതും വസ്തു റിലിങ്കിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ അഞ്ച് സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല.

14. ഗുണഭോക്താക്കൾ റിലിങ്കിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വച്ച് പിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഹരിത കവചമാക്കി നിലനിർത്തുന്നതാണ്.

15. വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട് മാറി താമസിക്കുവാൻ വിസമ്മതിക്കുന്നവർക്ക് തുടർന്ന് കടൽക്ഷോഭം മൂലം ഭൂമിയ്ക്കും വീടിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരുവിധ സർക്കാർ ധനസഹായത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

**സ്ഥലം കണ്ടെത്തി ഭൂമി വാങ്ങുന്നതിനുള്ള നടപടിക്രമം**

1. അപേക്ഷകൻ 50 മീറ്ററിന് പുറത്ത് CRZ- ൽ കെട്ടിട നിർമ്മാണത്തിന് അനുവദനീയമായ സ്ഥലങ്ങളിൽ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി വിവരം ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസറെ അറിയിക്കേണ്ടതാണ്. മത്സ്യഭവൻ ഓഫീസർ അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്നും കടബാധ്യതകൾ ഇല്ലാത്തതുമാണെന്ന് ബാധ്യതരഹിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

2. മത്സ്യഭവൻ ഓഫീസർ ശുപാർശ ചെയ്യുന്ന ഭൂമി വാങ്ങാവുന്നതാണെന്ന് ജില്ലാ മത്സ്യഭവൻ ഓഫീസറുടെ നേതൃത്വത്തിൽ **Inter Departmental Team** യോഗം ചേർന്ന് വിലയിരുത്തേണ്ടതാണ്. മേൽ നടപടി ക്രമത്തിന്റെ മിനിട്ട്സ് രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ ജില്ലാ മത്സ്യഭവൻ ഓഫീസർ സൂക്ഷിക്കേണ്ടതും ആണ്.

3. **Inter Departmental Team (IDT) -യുടെ ഘടന:**

i. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ - കൺവീനർ
ii. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എഞ്ചിനീയർ
iii. വില്ലേജ് ഓഫീസർ
iv. മത്സ്യഭവൻ ഓഫീസർ

v. ജില്ലാ മാനേജർ, മത്സ്യഫെഡ്
vi. KSCADC-യുടെ പ്രതിനിധി

പ്രസ്തുത യോഗം ചേരുന്നതിന് മുമ്പ് IDT-ലെ മൂന്നിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് സ്ഥല പരിശോധന നടത്തി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ബോധ്യപ്പെടേണ്ടതാണ്. ഭൂവുടമ ആവശ്യപ്പെടുന്ന ഭൂമിയുടെ വില കമ്പോള വിലയുമായി താരതമ്യം ചെയ്യേണ്ടതും ആ പ്രദേശത്തെ ശരാശരി മാർക്കറ്റ് വിലയേക്കാൾ അധികരിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും ഭവന നിർമ്മാണത്തിന് ഭൂമിയുടെ അനുയോജ്യത ഉറപ്പാക്കി ഭൂവുടമകൾക്ക് നൽകുവാൻ പറ്റുന്ന പരമാവധി വില IDT നിശ്ചയിക്കേണ്ടതുമാണ്.

4. ഗുണഭോക്താവ് കണ്ടെത്തിയ സ്ഥലം ഭവന നിർമ്മാണത്തിന് ഉപയുക്തമല്ലെങ്കിൽ പ്രസ്തുത വിവരം മത്സ്യഭവൻ ഓഫീസർ ഗുണഭോക്താവിനെ 5 ദിവസത്തിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതും അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകേണ്ടതുമാണ്.

5. ഭൂമിയുടെ അനുയോജ്യത ഉറപ്പ് വരുത്തിയ ശേഷം മത്സ്യഭവൻ ഓഫീസർ ഭൂഉടമയിൽ നിന്നും പദ്ധതിയ്ക്കായി സ്ഥലം കൈമാറുന്നത് സംബന്ധിച്ച് ഒരു സമ്മതപത്രം വാങ്ങേണ്ടതാണ്.

6. ഗുണഭോക്താവ് വാങ്ങാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ആധാരം പരിശോധിച്ച് പരിസ്ഥിതി ദുർബല പ്രദേശത്തോ CRZ- ൽ ഭവന നിർമ്മാണം അനുവദിക്കാത്ത പ്രദേശത്തോ ഉൾപ്പെടുന്നതല്ലെന്നും സ്വതന്ത്രമായി ക്രയവിക്രയ അവകാശമുള്ളതാണെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം യാതൊരു തരത്തിലും പണയപ്പെടുത്തിയിട്ടില്ലെന്നും ഉറപ്പാക്കേണ്ടതാണ്.

7. വസ്തുവിന്റെ ആധാരം, മുൻ ആധാരം, ഭൂമിയുടെ പ്ലാൻ, കരം ഒടുക്കിയ അസ്സൽ രസീത്, തണ്ടപ്പേര്, 30 വർഷത്തെ ബാധ്യതാരഹിത സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, എന്നിവ ഭൂ ഉടമയിൽ നിന്നും, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ/അഡീഷണൽ ഗവൺമെന്റ് പ്ലീഡർ എന്നീ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനിൽ നിന്നും ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ട് ശേഖരിച്ച് പ്രസ്തുത ഭൂമി വാങ്ങാവുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

8. സ്ഥലത്തിന്റെ ആകെ തുക രജിസ്ട്രേഷൻ ചെലവുകൾ അടക്കം 6 ലക്ഷത്തിൽ അധികമല്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

9. IDT നിശ്ചയിക്കുന്ന ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി (DLMC) വെച്ച് അംഗീകാരം നേടേണ്ടതാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ (DLMC) ഭൂമി വില സംബന്ധിച്ച അംഗീകാരത്തിനുശേഷം മാത്രമേ ഭൂമി വാങ്ങിയതിന്റെ പദ്ധതി സഹായം ഗുണഭോക്താവിന് അനുവദിക്കാവൂ.

10. സ്ഥല ഉടമയും ഗുണഭോക്താവും ജില്ലാ മത്സ്യഭവൻ ഓഫീസറുമായി 200/- രൂപ മുദ്രപ്പത്രത്തിൽ ഒരു ത്രികക്ഷി കരാർ ഒപ്പിടേണ്ടതാണ്. ഭൂമിയുടെ വില കൈമാറുന്നതും സ്ഥലം കൈമാറുന്നതും സംബന്ധിച്ച കാര്യങ്ങൾ കരാറിൽ ഉൾപ്പെടുത്തണം.

11. രജിസ്ട്രേഷൻ നടപടികൾ സബ് രജിസ്ട്രാർ ഓഫീസിൽ പൂർത്തിയായ ശേഷം മാത്രം ഭൂമിയുടെ വില DBT ആയി ഭൂഉടമയുടെ അക്കൗണ്ടിൽ നൽകുകയുമാണ് ചെയ്യേണ്ടത്.

12. ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന് 'Resident Group' ആയി എല്ലാ ഗ്രൂപ്പംഗങ്ങളുടെയും പേരിൽ ഭൂമി വാങ്ങാവുന്നതും പ്രസ്തുത ഭൂമിയിൽ ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കാവുന്നതും ആണ്. പദ്ധതി സഹായം ഓരോ ഗുണഭോക്താവിനും പരമാവധി 10 ലക്ഷം രൂപ മാത്രമായിരിക്കും. കേരള ബിൽഡിംഗ് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം അനുവദീനമായ ഏറ്റവും കുറവ്ഭൂമി 'Resident Group' ന് IDT- യുടെ അംഗീകാരത്തിന് വിധേയമായി വാങ്ങാവുന്നതാണ്. ഫ്ളാറ്റിന്റെ പ്ലാൻ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം വാങ്ങി പകർപ്പ് ജില്ലാ ഫിഷറീസ് ഓഫീസർക്ക് നൽകേണ്ടതാണ്. ബാക്കി തുക 3 ഘട്ടങ്ങളിലായി തദ്ദേശസ്വയംഭരണ

സ്ഥാപനത്തിലെയോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെയോ അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് അനുസരിച്ച് റസിഡന്റ് ഗ്രൂപ്പിന്റെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യേണ്ടത്.

13. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ധനകാര്യ ഇടപാടുകളും Direct Benefit Transfer (DBT) ആയിരിക്കും.

## III. ഭൂമിയുടെ രജിസ്ട്രേഷനും, ഭൂഉടമയ്ക്ക് ഭൂമിയുടെ വില നൽകുന്നതും സംബന്ധിച്ച നടപടിക്രമം

1. രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ബന്ധപ്പെട്ട രേഖകൾ പോക്കു വരവിനായി വില്ലേജ് ഓഫീസിൽ നൽകേണ്ടതാണ്. ഗുണഭോക്താവും, ഉടമയും ഗുണഭോക്താവിന്റെ പേരിൽ വസ്തു കൈമാറ്റം ചെയ്ത് ആധാരത്തിന്റെ അസ്സലുമായി സൂക്ഷ്മ പരിശോധനയ്ക്കായി ജില്ലാ ഓഫീസിൽ ഹാജരാകേണ്ടതാണ്. പുതിയ ആധാരത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം, ഭൂമിയുടെ വില DBT വഴി ഭൂഉടമയുടെ അക്കൗണ്ടിൽ നൽകേണ്ടതാണ്.

2. അസൽ ആധാരം ജില്ലാ മത്സ്യഭവൻ ഓഫീസർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഗുണഭോക്താവിന് നൽകേണ്ടതുമാണ്. ഭവന നിർമ്മാണം തൃപ്തികരമായി പൂർത്തിയാക്കി അവസാന ഗഡു തുക അനുവദിച്ച ശേഷം അസ്സൽ ആധാരം ഗുണഭോക്താവിന് തിരികെ നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് ആധികാരികമായ ഒരു രജിസ്റ്റർ ജില്ലാ ഫിഷറീസ് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

3. ഭൂമി രജിസ്റ്റർ ചെയ്ത് 12 വർഷത്തിനകം യാതൊരു കാരണവശാലും ഗുണഭോക്താവ് ഭൂമി കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. തുടർന്ന് കൈമാറ്റം ചെയ്യുന്ന പക്ഷം സർക്കാരിന്റെ ഭവന പദ്ധതികളിൽ നിന്നും പ്രസ്തുത വ്യക്തിയ്ക്ക് യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നതല്ല.

4. ഒന്നാംഘട്ട ധനസഹായം കൈപ്പറ്റി 12 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച ധനസഹായത്തിന് 18% പലിശ സഹിതം ഗുണഭോക്താവ് തിരിച്ചടയ്ക്കേണ്ടതാണ്.

5. **പദ്ധതി സഹായമായ 10 ലക്ഷം രൂപ നൽകൽ:**

പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ജില്ലാതല മോണിട്ടറിംഗ് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി 4 ഘട്ടങ്ങളിലായാണ് നൽകുന്നത്.

**ഘട്ടം 1 : (ഭൂമി വാങ്ങൽ)**

അസൽ ആധാരത്തിൻ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ വില + രജിസ്ട്രേഷൻ ഫീസ്, സ്റ്റാംപ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷത്തിലധികരിക്കാത്ത തുക DLAC -യുടെ അംഗീകാരത്തിന് വിധേയമായി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭൂമിയുടെ വില ഭൂഉടമയ്ക്കും രജിസ്ട്രേഷൻ ഫീ, സ്റ്റാംപ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവ ഗുണഭോക്താവിനും DBT വഴി നൽകുന്നതുമായിരിക്കും. ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ സംയുക്തമായി വേണം ഭൂമി രജിസ്റ്റർ ചെയ്യുവാൻ. നിയമപരമായ അനന്തരാവകാശികളില്ലാത്ത പക്ഷം ഗുണഭോക്താവ് / പങ്കാളിയുടെ മരണാനന്തരം ഏറ്റവുമടുത്ത ബന്ധുവിന് ഭൂമി ലഭിക്കുന്നതാണ്.

**ഘട്ടം 2 : (ഭവന നിർമ്മാണം)**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഗുണഭോക്താവിന് മത്സ്യഭവൻ ഓഫീസർ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ വില അനുവദിച്ച ശേഷം ബാക്കിയുള്ള തുകയുടെ 40% നൽകേണ്ടതാണ്.

**ഘട്ടം 3 : (ഭവന നിർമ്മാണം)**

ഭവനത്തിന്റെ ലിന്റൽ ലെവൽ പൂർത്തീകരിച്ചതായി മത്സ്യഭവൻ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങിയതിനു ശേഷമുള്ള പദ്ധതി വിഹിതത്തിന്റെ 40% ഗുണഭോക്താവിന് നൽകേണ്ടതാണ്.

ഘട്ടം 4 (ഭവന നിർമ്മാണം)

ഭവന നിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്ന മുറയ്ക്ക് ബാക്കി 20% നൽകേണ്ടതാണ്.

**IV. ഫ്ളാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം:**
പുനരധിവാസത്തിനായുള്ള ഫ്ളാറ്റ്/ ഭവന സമുച്ചയങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും (HTL) ഇഞ്ഞദ വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മാണത്തിന് അനുവദനീയമായ സ്ഥലത്ത് ആയിരിക്കണം.

1. സർക്കാർ ഭൂമി ഏറ്റെടുക്കൽ - ഫ്ളാറ്റ് നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ പുറമ്പോക്ക് ഭൂമികൾ കണ്ടെത്തി ആയതിന്റെ അനുയോജ്യത പരിശോധിച്ച് സർവ്വേ നമ്പർ, വിസ്തീർണ്ണം, ഉടമസ്ഥാവകാശം എന്നിവ ഉൾപ്പെടെ ശുപാർശ ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. സ്ഥലം കൈമാറി കിട്ടുന്നതിനുള്ള അപേക്ഷ ഫിഷറീസ് ഡയറക്ടർ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്.
2. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് - ആവശ്യമായ സ്ഥലം കണ്ടെത്തി **Inter Departmental Team (IDT)** ഭൂമിയുടെ അനുയോജ്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വസ്തുവിന്റെ ആധാരം പരിശോധിച്ച് പരിസ്ഥിതി ദുർബല പ്രദേശത്തോ CRZ- ൽ ഭവന നിർമ്മാണം അനുവദിക്കാത്ത പ്രദേശത്തോ ഉൾപ്പെടുന്നതല്ലെന്നും സ്വതന്ത്രമായി ക്രയവിക്രയം ചെയ്യാൻ അവകാശമുള്ള ഉടമസ്ഥാവകാശ രേഖയുള്ളതാണെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം യാതൊരു തരത്തിലും പണയപ്പെടുത്തിയിട്ടില്ലെന്നും ഉറപ്പാക്കേണ്ടതാണ്. വസ്തുവിന്റെ ആധാരം, അടിയാധാരം, ഭൂമിയുടെ പ്ലാൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേര്, 30 വർഷത്തെ ബാധ്യത രഹിത സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ ഭൂഉടമയിൽ നിന്നും ശേഖരിച്ച് ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ലീഗൽ സ്ക്രൂട്ടിനിറ്റി റിപ്പോർട്ട് സഹിതം വാങ്ങാവുന്ന ഭൂമിയാണെന്ന് ഉറപ്പ് വരുത്തി മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അതിനു ശേഷം സർവ്വേ നമ്പർ, വിസ്തീർണ്ണം, ഉടമസ്ഥാവകാശം, ഉടമയുടെ സമ്മതപത്രം എന്നിവ ഉൾപ്പെടെയുള്ള ശുപാർശ ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. ഫിഷറീസ് ഡയറക്ടർ ഭരണാനുമതിയ്ക്കായി ഇവ സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച ഉടൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ഫോം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

**V. ഗുണഭോക്താവ് നേരിട്ട് വീടും സ്ഥലവും വാങ്ങുന്നത്:**

ഗുണഭോക്താവ് 2 സെന്റിൽ കുറയാത്ത ഭൂമിയും 500 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുന്ന പക്ഷം സർക്കാർ ഉത്തരവ് **GO (MS) No.25/2019/DMD തീയതി 23.08.2019** പ്രകാരം 10 ലക്ഷം രൂപയുടെ സഹായം നൽകാവുന്നതാണ്. പ്രസ്തുത ഭൂമിയുടെ അനുയോജ്യത **Inter Departmental Team (IDT)** പരിശോധിക്കേണ്ടതാണ്. പ്രസ്തുത ഭവനത്തിന്റെ സുരക്ഷിതത്വം, ഉറപ്പ്, ശൗചാലയ സൗകര്യം എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ, ഹാർബർ എഞ്ചിനീറിംഗ് വകുപ്പിലെയോ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും മത്സ്യഭവൻ ഓഫീസറും അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി സഹായം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം മാത്രം അനുവദിക്കേണ്ടതാണ്.

**VI. പദ്ധതി മേൽനോട്ടം**

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിനും പൂർത്തീകരിക്കുന്നതിനും സൂക്ഷ്മ നിരീക്ഷണം ആവശ്യമാണ്. പ്രസ്തുത നിരീക്ഷണത്തിനായി ചുവടെ പറയുന്ന കമ്മിറ്റികളെ ചുമതലപ്പെടുത്തുന്നു.

**1. സംസ്ഥാന തല കമ്മിറ്റി (State Level Appex Committee)**

1. ബഹു. മുഖ്യമന്ത്രി - ചെയർമാൻ
2. ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി - കോ-ചെയർമാൻ
3. ബഹു. റവന്യൂ വകുപ്പ് മന്ത്രി - കോ-ചെയർമാൻ
4. റവന്യൂ വകുപ്പ് സെക്രട്ടറി - മെമ്പർ
5. ഫിഷറീസ് വകുപ്പ് സെക്രട്ടറി - മെമ്പർ

6. ഫിനാൻസ് സെക്രട്ടറി - മെമ്പർ
7. ഫിഷറീസ് ഡയറക്ടർ - കൺവീനർ

സംസ്ഥാനതല അപെക്സ് കമ്മിറ്റി സംസ്ഥാനതല പുരോഗതി വിലയിരുത്തൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിലും, പദ്ധതി നിർവ്വഹണം സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കേണ്ട സന്ദർഭങ്ങളിൽ ചേരുന്നതാണ്.

**2. ജില്ലാതല അപ്രൂവൽ കമ്മിറ്റി/ ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി**

1. ജില്ലാ കളക്ടർ - ചെയർമാൻ
2. ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) - മെമ്പർ
3. ഫിനാൻസ് ഓഫീസർ (കളക്ടറേറ്റ്) - മെമ്പർ
4. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മേഖല) - മെമ്പർ
5. ജില്ലാ മാനേജർ (മത്സ്യഫെഡ്) - മെമ്പർ
6. ജില്ലാ കോർഡിനേറ്റർ (ലൈഫ് മിഷൻ) - മെമ്പർ
7. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ - കൺവീനർ

പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയ്ക്ക് അന്തിമ അംഗീകാരം നൽകുന്നതിനുള്ള ചുമതല ജില്ലാതല അപ്രൂവൽ കമ്മിറ്റിയ്ക്കാണ്. ജില്ലാതല അപ്രൂവൽ കമ്മിറ്റി ഗുണഭോക്തൃ പട്ടിക അംഗീകരിച്ചതിൻശേഷം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയായിട്ടാണ് പ്രവർത്തിക്കുന്നത്. IDT ശുപാർശ ചെയ്യുന്ന ഭൂമി വിലയ്ക്ക് അന്തിമ അംഗീകാരം നൽകേണ്ടത് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റയുടെ ചുമതലയാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരേണ്ടതും അതാത് ജില്ലയിലെ പദ്ധതി പുരോഗതി അവലോകനം നടത്തേണ്ടതും ആണ്. ബന്ധപ്പെട്ട ജില്ലകളിൽ പദ്ധതി നിർവ്വഹണത്തിന് എന്തെങ്കിലും തടസ്സം നേരിടുകയാണെങ്കിൽ പ്രസ്തുത തടസ്സം നീക്കേണ്ട നടപടികൾ സ്വീകരിച്ച് സമയപരിധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നത് ശ്രദ്ധിക്കേണ്ടതും ആണ്.

**3.പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു):**

**GO(MS) No. 16/2017/F&PD** തീയതി **22.07.2017** പ്രകാരം വിഴിഞ്ഞം പുനരധിവാസത്തിനായി രൂപീകരിച്ച യൂണിറ്റായിരിക്കും ഈ പ്രോജക്ടിന്റെ പദ്ധതി നിർവ്വഹണ യൂണിറ്റ്. പി.ഐ.യു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയിരിക്കും ഈ പദ്ധതിയുടെ സംസ്ഥാന തല കോർഡിനേറ്റർ. തീരദേശ ജില്ലയിലെ ജില്ലാ ഫിഷറീസ് ഓഫീസർമാർ ഈ പദ്ധതിയുടെ ജില്ലാതല പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കും.

**4.വകുപ്പ് തല സ്റ്റിയറിംഗ് കമ്മിറ്റി**

1. ഫിഷറീസ് ഡയറക്ടർ - ചെയർമാൻ
2. അഡീഷണൽ ഡയറക്ടർ (HQ) - മെമ്പർ
3. സീനിയർ ഫിനാൻസ് ഓഫീസർ - മെമ്പർ
(ഫിഷറീസ് ഡയറക്ടറേറ്റ്)
4. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (പ്രോജക്റ്റ്) - മെമ്പർ
5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (PME) - മെമ്പർ
6. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (FD) - മെമ്പർ
7. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (പ്രോജക്റ്റ്) - മെമ്പർ
8. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പി.ഐ.യു.) - കൺവീനർ

വകുപ്പ് തല സ്റ്റിയറിംഗ് കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേരേണ്ടതും പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അതാത് സന്ദർഭങ്ങളിൽ ആവശ്യമായി വരുന്ന തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് വകുപ്പ്തല സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഇത് നടപ്പിൽ വരുത്തേണ്ട ചുമതല സംസ്ഥാന തല കോർഡിനേറ്റർ

ആയ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പി.ഐ.യു)-ന് ആയിരിക്കും. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പൊതു മാർഗ്ഗരേഖയുടെ അന്തസത്തയ്ക്ക് വ്യതിയാനം വരാത്തവിധം ആവശ്യമായി വരുന്ന സൂക്ഷ്മതല മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം ഫിഷറീസ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഇഷിത റോയ് ഐഎഎസ്**
**പ്രിൻസിപ്പല് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
റവന്യൂ വകുപ്പ്
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by DEEPTHI K GOPAL
Date: 2020.01.07 16:50:05 IST
Reason: Approved

സെക്ഷൻ ഓഫീസർ